


# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ജൂൺ 2024


പരിപാലിക്കാം ; ദൈവദാനമാം ഭൂമിയെ...

പ്രാർത്ഥിക്കാൻ പരിശീലിക്കാം... ജീവിക്കാം ക്രിസ്തുവിനെപ്പോലെ...

സുക്കോളച്ചൻ : ദൈവത്തിന്റെ കൈയ്യെഴുത്തുപ്രതി


MARY WARD ENGLISH MEDIUM
SCHOOL ( ICSE) PUTHENVELIKARA
CLASS X ICSE RESULT 2023- 2024
Hearty Congratulations
100% Result
FIRST
98.6%
Merin Sony
SECOND
95.6%
Christy Helen Biju
THIRD
94.8%
Anna Elizabeth
93.4%
Vamika C Vikas
93.2%
Alyshia P S
92%
Astle Shelly
91.6%
Maria Niva
91.4%
Shahil Joy
89.8%
89.2%
87%
83.2%
83.2%
79.2%
78.4%
77.8%
76.6%
75.6%
FIRST DIVISION
SECOND DIVISION
ADMISSIONS OPEN FOR ISC (PLUS 1)
PRE KG, LKG & UKG, I - VIII

## മുഖമൊഴി



ഫാ. ജോജോ പയ്യപ്പിള്ളി
ചീഫ് എഡിറ്റർ

# അറിവിന്റെ വേരുകൾ ആഴ്ന്നിറങ്ങട്ടെ...

' നല്ല മനുഷ്യരെ കണ്ടുമുട്ടുന്നതുതന്നെ ഒരു വിദ്യാഭ്യാസം ആണ്. '

ഡോ. എ.പി.ജെ. അബ്ദുൾ കലാം

**പു**തിയ ഒരു അദ്ധ്യയനവർഷംകൂടെ ആരംഭിക്കുകയാണ്. അടച്ചുപൂട്ടിയിരുന്ന വിദ്യാലയങ്ങളുടെ വാതിലുകളും ജാലകങ്ങളുമൊക്കെ മലർക്കേ തുറന്നിടാൻ സമയമായിരിക്കുന്നു. പുഞ്ചിരിക്കുന്ന മുഖത്തോടെ പുതിയതും പഴയതുമായ കൂട്ടുകാരോടൊപ്പം മഴനഞ്ഞു കളിക്കാനും ഒരുമിച്ചിരുന്നു പഠിക്കാനും പുതിയ ഒരു കാലം.

ജൂൺ മാസത്തിനു മറ്റൊരു പ്രത്യേകത കൂടെ ഉണ്ട്. "ജൂൺ 5 - ലോക പരിസ്ഥിതി ദിനം". കുഞ്ഞുങ്ങൾ പുസ്തക താളുകളിൽ അച്ചടിച്ചിരിക്കുന്ന അക്ഷരങ്ങൾ മാത്രം അറിഞ്ഞാൽ പോരാ, പരിസ്ഥിതിയുടെ പച്ചപ്പിന്റെ സുവിശേഷംകൂടെ അറിയണം എന്നത് കൊണ്ടുകൂടെ ആയിരിക്കാം ആകാശം ഭൂമിയെ മഴകൊണ്ട് അനുഗ്രഹിച്ചു പച്ച പുതപ്പിക്കുന്ന ഈ മാസത്തിൽ തന്നെ നമ്മുടെ നാട്ടിൽ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസവും ആരംഭിക്കുന്നത്.

ദൈവം നമുക്ക് നൽകിയ ഒരു അമൂല്യ വരദാനം ആണ് ഭൂമി. ഭൂമിയിൽ കൃഷി ചെയ്യാനും അതിനെ സംരക്ഷിക്കാനും ആദിയിൽ ദൈവം മനുഷ്യനോട് കല്പ്പിച്ചു (ഉൽപ : 2:15) എന്ന് നമ്മെ ഓർമിപ്പിക്കുന്നത് പരിശുദ്ധ ഫ്രാൻസിസ് പാപ്പ ആണ്.

അന്തിമ വിധിയിൽ നിങ്ങൾക്ക് മുന്നിൽ ഒരേയൊരു ചോദ്യം :

"നീ ഒരു തൈ നട്ടിട്ടുണ്ടോ?"

അതിലായിരിക്കും നിങ്ങളുടെ വിധിയും ഭൂമിയുടെ വിധിയും നിശ്ചയിക്കുവാൻ പോകുന്നത്.

- 'പച്ച' ബോബി ജോസ് കട്ടിക്കാട് അച്ചന്റെ പുസ്തകം.

വളരുന്ന കുഞ്ഞുമനസുകളിൽ അറിവിനോടൊപ്പം പ്രകൃതി സ്നേഹവും വളരുമ്പോൾ ഭൂമിയിലെ നാളെകൾ സുന്ദരമാകും. മരങ്ങൾ ഭൂമിക്കടിയിൽ വേരുകൾ കൊണ്ട് പരസ്പരം ഇഴപിരിക്കാനാകാത്തവിധം കെട്ടിപ്പടർന്ന് സ്നേഹിക്കുന്നതുപോലെയാകണം മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം.

കുറച്ചു കൂടെയൊക്കെ ഒരു പച്ചപ്പ്...

അതെ നമ്മുടെ മനസിനും...

അമ്മയായ ഭൂമിക്കും...



## ശ്രദ്ധയ്ക്ക്

ഏറ്റവും സ്നേഹം നിറഞ്ഞവരെ,

മുരിയാട് കേന്ദ്രമാക്കിയുള്ള എംപറർ ഇമ്മാനുവൽ എന്ന സെക്റ്റ് ചാലക്കുടി, അങ്കമാലി, ആലുവ, എറണാകുളം വരെയുള്ള സ്ഥലങ്ങളിൽ കൺവെൻഷൻ നടത്തുന്നതായുള്ള പോസ്റ്ററുകളും പ്രചരണങ്ങളും നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് കരുതുന്നു. അവരുടെ വോളണ്ടിയർമാർ ഭവനങ്ങളിലേക്ക് ഇത് സംബന്ധിച്ചുള്ള നോട്ടീസുകളും ആയി കടന്നു വരികയും നമ്മുടെ കുടുംബങ്ങളെ സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിപ്പിക്കാൻ സംഘടിതമായി പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്. ഫോണിലൂടെയും സാമൂഹിക മാധ്യമങ്ങളിലൂടെയും ഈ സെക്റ്റിലേക്ക് ധ്യാനം, കൺവെൻഷൻ എന്ന പേരിൽ ആകർഷണീയവും തെറ്റിദ്ധരിപ്പിക്കുന്നതുമായ രീതിയിൽ ക്ഷണവും നടന്നുകൊണ്ടിരിക്കുന്നു എന്നും അറിയുന്നു. നമ്മുടെ ഇടവകകളിൽ അറിയിപ്പിലൂടെയും കുടുംബയൂണിറ്റുകളുടെ ചർച്ചയിലൂടെയും എല്ലാവർക്കും ഇത് സംബന്ധിച്ച് മുന്നറിയിപ്പ് നൽകുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ. എല്ലാ വിശ്വാസികളും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും ഓർമിപ്പിക്കുന്നു.



ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.

ഉൽപത്തി 1 : 1

# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ജൂൺ 2024



**രക്ഷാധികാരി**

റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**

ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**

ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ

ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**

ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**

ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**

ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**

ഫാ. ലിജോ മാത്യു താണിപ്പിള്ളി

ശ്രീ. സിപ്പി പള്ളിപ്പുറം

ശ്രീ. ജോയ് ഗോതുരുത്ത്

ശ്രീ. ജോസഫ് പനക്കൽ

**ഡി. ടി. പി.**

ശ്രീമതി നിഷ സോജൻ



എഡിറ്റർ, ദിദിമോസ്, വികാസ്,

കോട്ടപ്പുറം – 680 667

ഫോൺ : 0480 2807678

didimoskottapuram@gmail.com


## താളുകളിൽ


പൈതൃകാമുഖം

**പരിപാലിക്കാം ദൈവദാനമാം ഭൂമിയെ .................... 4**

**മാറ്റങ്ങൾക്ക് വഴിതെളിക്കുന്ന വിശ്വാസം ................ 6**

കവിത

**പോരുന്നുണ്ടോ ഉണ്ണീ പോരുന്നുണ്ടോ? .................. 9**

പ്രാർത്ഥിക്കാൻ പരിശീലിക്കാം

**ജീവിക്കാം ക്രിസ്തുവിനെപ്പോലെ ...................... 10**

കറുപ്പ്

**സുക്കോളച്ചൻ : ദൈവത്തിന്റെ കൈയ്യെഴുത്തുപ്രതി .. 11**

കത്തോലിക്കസഭയെ അറിയാം, പഠിക്കാം

**ജോൺ ലാറ്ററൻ ബസിലിക്കയും,**

**സിസ്റ്റൈൻ ചാപ്പലും ................................ 13**

അയൽക്കൂട്ടം

**യുവത്വത്തിൽ നീ സന്തോഷിക്കുക .................... 15**


**വാർത്തകൾ ........................................ 17**

**പിതാവിന്റെ ഡയറി ................................. 27**

പിൻമൊഴി

**ഓടുന്ന എല്ലാവർക്കും ഒളിംപിക്സ് മെഡൽ ........... 28**



# പരിപാലിക്കാം ദൈവദാനമാം ഭൂമിയെ...

**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**ജൂ**ൺ മാസം രണ്ടു കാര്യങ്ങളാണ് നമ്മുടെ ചിന്തയിൽ ഉദിക്കുന്നത്. 1. വലിയ അവധിക്കാലം കഴിഞ്ഞുള്ള സ്കൂൾ പ്രവേശനം 2. പ്രകൃതിയെ സ്നേഹിക്കുവാനുള്ള ആഹ്വാനവുമായി പരിസ്ഥിതി ദിനാഘോഷം. ജൂൺമാസത്തിൽ മഴയില്ലാതെ സ്കൂളിൽ പോവുകയെന്നത് കുട്ടികളെ സംബന്ധിച്ച് വിരസമായ കാര്യമാണ്. എന്നാൽ നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാതെ മുന്നോട്ടു നീങ്ങുകയാണെങ്കിൽ മഴക്കാലം നമുക്ക് ഒരു നഷ്ടസ്വപ്നമായി മാറുമെന്നത് നിസ്തർക്കമാണ്.



ജൂൺ മാസത്തിൽ നമ്മുടെ ചിന്ത പ്രകൃതി സംരക്ഷണമായിരിക്കട്ടെ. അതിനുതകുന്ന ശരിയായ പദ്ധതികൾ നാം ആവിഷ്കരിക്കേണ്ടതുണ്ട്. ജൂൺ മാസത്തിൽ ഒരു ചെടി നട്ടു കൊണ്ടു മാത്രം നാം പരിസ്ഥിതി ദിനാഘോഷം നടത്തുമ്പോൾ യഥാർത്ഥത്തിൽ വളരെ നിസ്സാരമായ കാര്യം മാത്രമാണു നാം ചെയ്യുന്നത്. നട്ട ചെടിയെ പരിപാലിക്കുവാനും ഈ ചെറുചെടി മരമായ്, വരമായ് തീരുമ്പോഴുള്ള നന്മയും യഥാർത്ഥത്തിൽ മനസ്സിലാക്കുവാനും നാം തയ്യാറാകുമ്പോൾ ആദ്യത്തെ ചുവടു നാം വച്ചുകഴിഞ്ഞു.

മാലിന്യമുക്ത കേരളമെന്നത് നാം ഒരുപാട് കൊട്ടിഘോഷിക്കുമ്പോഴും യഥാർത്ഥത്തിൽ ഉള്ള മാലിന്യവിമുക്തി നിർവ്വഹിക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോയെന്ന് ചിന്തി

*ദൈവം അരുളിച്ചെയ്തു: ഭൂമി എല്ലാത്തരം ഹരിതസസ്യങ്ങളും ധാന്യച്ചെടികളും വിത്തുൾക്കൊള്ളുന്ന ഫലങ്ങൾ കായ്ക്കുന്ന വൃക്ഷങ്ങളും മുളപ്പിക്കട്ടെ. അങ്ങനെ സംഭവിച്ചു.*
ഉൽപത്തി 1 : 11

ക്കുന്നത് നല്ലതാണ്. പൊതുവേ മലയാളികളുടെ സ്വഭാവം തന്റെ വീട്ടിലെ മാലിന്യമെടുത്ത് എവിടെയെങ്കിലും ഉപേക്ഷിച്ചു കളഞ്ഞാൽ ഞാൻ മാലിന്യങ്ങൾ വിമുക്തമാക്കിയെന്നാണ്. ഇപ്പോൾ കുടുംബശ്രീയുമായി സഹകരിച്ച് പഞ്ചായത്തുകൾ പേപ്പർ, പ്ലാസ്റ്റിക്, ഗ്ലാസ്സ്, ബാറ്ററി എന്നിവയൊക്കെ ഇനം തിരിച്ചു ശേഖരിക്കുവാനും അവയെ കൊണ്ടുപോകുവാനും ശ്രമിക്കുന്നുണ്ട്. ഈ കൊണ്ടുപോകുന്ന മാലിന്യങ്ങൾ പുനരുത്പാദനത്തിനായി ഉപയോഗിക്കുന്നില്ലായെങ്കിൽ അത് വീണ്ടും പ്രകൃതിക്ക് ദോഷകരമാകുന്ന രീതി സമ്മാനിക്കും.

മാലിന്യങ്ങൾ വഴിയിൽ ഇടാതെ സൂക്ഷിക്കുവാനും, പുറത്തേക്ക് കാർക്കിച്ചു തുപ്പുന്ന ശീലങ്ങളൊക്കെ മാറ്റി പ്രകൃതിയെ സംരക്ഷിക്കുവാനും, ഭൂമിയെ കൂടുതൽ മനോഹരമാക്കുവാനും ഈ ജൂൺ മാസം ഒരു കാൽവയ്പ്പാവട്ടെ.

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അവരെ അനുഗ്രഹിച്ചതിനെക്കുറിച്ച് ഉല്പത്തി പുസ്തകത്തിൽ ഇപ്രകാരം വായിക്കുന്നു : **"സന്താനപുഷ്ടിയുള്ളതായി പെരുകുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയുംമേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ" (ഉല്പ 1 : 28).** ഇവിടെ ആധിപത്യം എന്നുപറയുന്നത് ഇംഗ്ലീഷിൽ dominion എന്ന പദത്തിൽ നിന്നും വരുന്നതാണ്. അതിന്റെ ഉത്ഭവവാക്ക് എടുക്കുകയാണെങ്കിൽ 'dominus' എന്ന ലത്തീൻ പദത്തിൽ നിന്നും 'ദൈവം' എന്ന് അർത്ഥം വരുന്നതാണ്. **ദൈവികമായ ദൗത്യം ഏറ്റെടുത്തവരുടെ ഏറ്റവും പ്രധാന ധർമ്മം പരിസ്ഥിതിയെ പരിപാലിക്കുക എന്നുള്ളതാണ്.** അങ്ങനെയാണെങ്കിൽ ഈ പ്രപഞ്ചത്തെ മുഴുവൻ ഏൽപ്പിക്കപ്പെട്ട മനുഷ്യന്റെ ധർമ്മമല്ലേ അവയെ സംരക്ഷിക്കുകയെന്നത്.

ആയതിനാൽ ജൂൺ മാസത്തിൽ ഒരു വൃക്ഷച്ചെടി നട്ടുകൊണ്ടുള്ള ഒരു സ്ഥിരം ചടങ്ങുമാത്രമാകാതെ ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പ്രകൃതി സ്നേഹിയാകുവാൻ നമുക്കു ശ്രമിക്കാം. ഈ പ്രപഞ്ചത്തിലെ മനുഷ്യരും മറ്റുജീവജാലങ്ങളും ചെടികളും പുഴകളുമൊക്കെ എന്റെ സ്വന്തമാണെന്നു തോന്നിയാൽ അവയെയൊക്കെ മനോഹരമാക്കുവാൻ എന്റെ ഭാഗത്തുനിന്നും ഒരു ശ്രമം ആവശ്യമാണ്. അതിനുള്ള ഒരു വിളിയാവട്ടെ ഇത്തവണത്തെ പ്രകൃതിദിനാഘോഷം അമ്മയെ സംരക്ഷിക്കുക. അമ്മയുടെ എല്ലാ മക്കളെയും സംരക്ഷിക്കുക. ■



വരാപ്പുഴ അതിരൂപതയുടെ
നിയുക്ത സഹായമെത്രാൻ
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കലിന്
പ്രാർത്ഥനാശംസകൾ...

ആശംസകളോടെ...
ദിദിമോസ് കുടുംബം



# മാറ്റങ്ങൾക്ക് വഴിതെളിക്കുന്ന വിദ്യാഭ്യാസം

ഭാഗം : 2

## വിദ്യാഭ്യാസദർശനം

### ഈശോസഭ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ

ഫാ. ബെന്നി ചിറമ്മേൽ

വിദ്യാഭ്യാസത്തിനുള്ള ഈശോസഭാംഗങ്ങളുടെ അളവറ്റ സംഭാവനകൾ കാരണം, ഇന്ത്യയിലെ ഈശോസഭാംഗങ്ങളെ ഇന്ന് നമുക്കറിയാവുന്ന ഇന്ത്യയുടെ ശില്പികളുടെ ഭാഗമായി ശരിയായി വിളിക്കാമെങ്കിൽ, ഇന്ത്യൻ ലത്തീൻ സഭയുടെ, പ്രത്യേകിച്ച് കേരള ലത്തീൻ സഭയുടെ, അടിത്തറയിട്ടവരുടെ ഭാഗമായി നമുക്ക് അവരെ വിളിക്കാം. ഇന്ന് കോട്ടപ്പുറം രൂപതയിൽ ഈശോസഭാ സ്ഥാപനങ്ങൾ ഇല്ലെങ്കിലും വരാപ്പുഴ അതിരൂപതയുടെ ഭാഗമായിരുന്ന കാലത്ത്, ഇപ്പോൾ ദൈവദാസനായ അഭിവന്ദ്യ ഡോ. ജോസഫ് അട്ടിപ്പേറ്റിയുടെ സ്മരണാർത്ഥം, വിഖ്യാത ജെസ്യൂട്ട് ഡോ. ഫ്രാൻസിസ് കണ്ണിക്കൽ എസ്.ജെ. സ്ഥാപിച്ച് സംവിധാനം ചെയ്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രയോജനപ്പെടുത്തിയിരുന്നു. **കേരളത്തിലെ ലത്തീൻകാരുടെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ-സാമ്പത്തിക പിന്നോക്കാവസ്ഥയെക്കുറിച്ച് ബോധവാനായിരുന്ന ഒരു ലത്തീൻ ജെസ്യൂട്ട്' ആയിരുന്നു ഫാ. ഫ്രാൻസിസ് കണ്ണിക്കൽ.** ലത്തീൻ റീത്തിൽ നിന്നുള്ള ഒരു വ്യക്തിയായതിനാൽ, സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ മുഖ്യധാരയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഒരു ഉപകരണമായി വിദ്യാഭ്യാസം എങ്ങനെ മാറുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു.

തിരസ്കരിക്കപ്പെടുമോ എന്ന ഭയം മൂലമോ, സൊസൈറ്റി ഓഫ് ജീസസ് കേരള പ്രവിശ്യയിലേക്ക് ശരിയായ റിക്രൂട്ട്മെന്റ് ഇല്ലാത്തതിനാലോ, സുറിയാനി ജെസ്യൂട്ടുകൾ സുപ്രധാന തീരുമാനങ്ങളെടുക്കുന്ന സംവിധാനങ്ങളിൽ ആധിപത്യം പുലർത്തുന്നതിനാലോ ലാറ്റിൻ ജെസ്യൂട്ടുകൾ കേരളത്തിൽ ന്യൂനപക്ഷമായി തുടരുന്നുവെന്നു കരുതുന്നവരുണ്ട്. ജെസ്യൂട്ടുകളുടെ ശ്രദ്ധ അർഹിക്കുന്ന ഭൂരിഭാഗം ലത്തീൻ കമ്മ്യൂണിറ്റി അംഗങ്ങൾക്കും സൊസൈറ്റി ഓഫ് ജീസസ് എന്ന സാമൂഹിക മൂലധനം മരീചികയായി തുടരാതിരിക്കാൻ, ലാറ്റിൻ സഭാശ്രേണിയും ഈശോസഭാ നേതൃത്വവും സ്ഥിതിഗതികൾ പരിഹരിക്കാൻ നിർണ്ണായക നടപടികൾ കൈക്കൊള്ളേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവർക്കായി പ്രവർത്തിക്കാൻ ആത്മീയമായി ഉണർന്നിരിക്കുന്ന സിറിയൻ ജെസ്യൂട്ടുകളുടെ ഒരു നിശ്ശബ്ദസംഘമുണ്ട്, എന്നാൽ അവരിൽ ഭൂരിഭാഗത്തിനും തീരുമാനമെടുക്കൽ പ്രക്രിയകളിൽ ലാറ്റിൻ ജെസ്യൂട്ടുകളുടെ പങ്കാളിത്തമില്ലായ്മയെക്കുറിച്ചുള്ള ആശങ്കകൾ പ്രകടിപ്പിക്കാൻ കഴിയുന്നില്ല. സൊസൈറ്റി ഓഫ് ജീസസിന്റെ സാമൂഹിക മൂലധനത്തിൽ സമത്വപരമായ പങ്കുവയ്ക്കൽ ഉറപ്പാക്കാൻ വഴിയൊരുക്കുന്ന ദീർഘവീക്ഷണം ആവശ്യമാണ്.



*ദൈവം വീണ്ടും അരുളിച്ചെയ്തു : ഭൂമി എല്ലാത്തരം ജീവജാലങ്ങളെയും - കന്നുകാലികൾ, ഇഴജന്തുക്കൾ, കാട്ടുമൃഗങ്ങൾ എന്നിവയെ - പുറപ്പെടുവിക്കട്ടെ. അങ്ങനെ സംഭവിച്ചു.*

ഉൽപത്തി 1 : 24

ന്യൂനപക്ഷമായ ലാറ്റിൻ ജെസ്യൂട്ടുകൾക്കിടയിൽ, ഏതെങ്കിലും വിവേചനത്തിന്റെ അസ്തിത്വം നിഷേധിച്ച് ഭൂരിപക്ഷത്തെ പ്രീതിപ്പെടുത്താൻ നിർബന്ധിതരാകുന്നവരുണ്ടെന്ന യാഥാർത്ഥ്യം മറന്നുകൂടാ.

എല്ലാ സിറിയൻ, ലത്തീൻ രൂപതകളിൽ നിന്നും സൊസൈറ്റി ഓഫ് ജീസസ് എന്ന സന്യാസ സമൂഹത്തിലേക്ക് ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ജെസ്യൂട്ടുകളുടെ അപ്പസ്തോലിക ദൗത്യങ്ങളിൽ ലത്തീൻ ജെസ്യൂട്ടുകളുടെ ആനുപാതികമായ പ്രാതിനിധ്യം തീർച്ചയായും വിദ്യാഭ്യാസപരമായ ഇടപെടലുകളിൽ നല്ല സ്വാധീനം ചെലുത്തും. ഉന്നതവിദ്യാഭ്യാസ ദൗത്യങ്ങൾ കേരളമെമ്പാടും വേണ്ടവിധം നിറവേറ്റാൻ, വൈവിധ്യപൂർണ്ണമായ സംസ്ക്കാരങ്ങളുള്ള അരക്ഷിത സമൂഹങ്ങൾക്ക് ഉന്നതവിദ്യാഭ്യാസം പ്രാപ്യമാക്കാൻ, റീത്തുകൾക്കും, ജാതി- മത-വർഗ്ഗ വ്യത്യാസങ്ങൾക്കും അതീതമായി കേരള പ്രവിശ്യയിലെ ഈശോസഭക്കാരും മറ്റുസന്യാസിനിസന്യാസികളും എല്ലാ റീത്തുകളിലും സംസ്കാരങ്ങളിലുമുള്ളവരുമായി കൈകോർക്കുന്ന സംരംഭങ്ങൾ ഉണ്ടാകണം.

**നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇനിപ്പറയുന്ന തത്വങ്ങൾ പാലിക്കേണ്ടതുണ്ട്:**

1. *മറ്റുള്ളവരെ സേവിക്കാൻ തയ്യാറുള്ള സ്ത്രീകളെയും പുരുഷന്മാരെയും സൃഷ്ടിക്കുക എന്നതാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം.*
2. *വിദ്യാഭ്യാസം എല്ലാ ജനങ്ങളുടെയും, പ്രത്യേകിച്ച് പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ, പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്.*
3. *ദുർബലരായ ജനവിഭാഗങ്ങളിൽ നിന്നുള്ള ഒരു കൂട്ടം വിദ്യാർത്ഥികൾക്കെങ്കിലും പ്രത്യേക ശ്രദ്ധനൽകിക്കൊണ്ട് ദരിദ്രർക്കായി ഒരു മുൻഗണനാ ഓപ്ഷൻ നമ്മൾ പരിശീലിക്കണം.*
4. *ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം തമ്മിലുള്ള വ്യത്യാസം നാം വ്യക്തമായി മനസ്സിലാക്കണം. കുട്ടികൾക്കായി ഔപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുമ്പോൾ, അനൗപചാരികമോ ഔപചാരികമോ ആയ വിദ്യാഭ്യാസത്തിലൂടെ അവരുടെ മാതാപിതാക്കളെയും ജീവിതത്തിലെ പ്രധാനപ്പെട്ട മറ്റുള്ളവരെയും അനുഗമിക്കേണ്ടത് ആവശ്യമാണ്.*
5. *വ്യക്തികളെ അവരുടെ അബോധാവസ്ഥയിലുള്ള കഴിവുകേടുകളെക്കുറിച്ച് അവബോധമുള്ളവരാക്കുകയും ക്രമേണ അബോധാവസ്ഥയിലും കഴിവിന്റെ നിലവാരം കൈവരിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്ന പ്രക്രിയയിലൂടെ വിദ്യാഭ്യാസം സ്വയം മെച്ചപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്.*
6. *വിദ്യാഭ്യാസം ആളുകളെ വ്യക്തിപരവും കൂട്ടായതുമായ തലങ്ങളിൽ സ്വന്തം സ്വത്വ പ്രശ്നങ്ങളെക്കുറിച്ച് അവബോധമുള്ളവരാക്കുകയും മറ്റുള്ളവരുമായി സഹകരിച്ച് അവ കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കുകയും വേണം.*
7. *നമ്മുടെ സമുദായങ്ങളിലെ സേവകനേതാക്കളുടെയും (Servant leaders) സമാധാന നേതാക്കളുടെയും (Peace leaders) പ്രത്യക്ഷത്തിൽ ഉള്ള കുറവ് വിദ്യാഭ്യാസം അഭിസംബോധന ചെയ്യണം.*

**വിദ്യാഭ്യാസപരമായ ഇടപെടലുകൾക്കുള്ള ആസൂത്രണം നടത്തുമ്പോൾ ശരിയായ ഡാറ്റയുടെ ആവശ്യകത ഉള്ള, ഇനിപ്പറയുന്ന ചോദ്യങ്ങൾ അഭിസംബോധന ചെയ്യണം:**

1. *സാക്ഷരതയിലും സംഖ്യാജ്ഞാനത്തിലും പ്രൈമറി വിഭാഗത്തിലെ നമ്മുടെ വിദ്യാർത്ഥികളുടെ നിലവാരം എന്താണ്? നമ്മുടെ സർക്കാർ സ്കൂളുകളിൽ ഒളിഞ്ഞിരിക്കുന്ന "വിദ്യാഭ്യാസം നേടിയവരുടെ നിരക്ഷരത" എങ്ങനെ പരിഹരിക്കും?*

*2. നമ്മുടെ ഉന്നതവിദ്യാഭ്യാസ കാംക്ഷികളുടെ ഭാഷാപരവും ഗണിതപരവുമായ കഴിവിന്റെ നിലവാരം എന്താണ്?*

*3. സിവിൽ സർവീസുകൾ ഉൾപ്പെടെയുള്ള തൊഴിലുകൾ ഉറപ്പാക്കുന്നതിന് ഉന്നതവിദ്യാഭ്യാസത്തിൽ നമ്മുടെ വിദ്യാർത്ഥികളെ നയിക്കാനോ ഉപദേശിക്കാനോ സ്വീകരിക്കേണ്ട പ്രധാന നടപടികൾ എന്തൊക്കെയാണ്?*

*4. ഉന്നതവിദ്യാഭ്യാസത്തിൽ പുരുഷപങ്കാളിത്തമില്ലായ്മയും ലത്തീൻ സമൂഹത്തിൽ നിന്നുള്ള വിവാഹ വിപണിയിൽ നമ്മുടെ പെൺകുട്ടികൾക്ക് അനുയോജ്യരായ വരന്മാരുടെ അഭാവം പോലെയുള്ള പ്രശ്നങ്ങളും പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കേണ്ടത്?*

*5. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ വിദ്യാഭ്യാസ സ്ട്രീമുകളിൽ നിന്ന് കൊഴിഞ്ഞുപോകുന്നവരുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കണം?*

*6. ലത്തീൻ കത്തോലിക്കർ ഉൾപ്പെടെ കേരളത്തിലെ വിവിധ സമൂഹങ്ങൾക്കിടയിൽ സമുദായ മൈത്രിയും ആത്യന്തികമായ സാമൂഹിക സംയോജനവും ഉറപ്പാക്കാൻ എന്തെല്ലാം എല്ലാവരെയും ഉൾച്ചേർക്കുന്ന വിദ്യാഭ്യാസ പരിപാടികളാണ് രൂപകൽപ്പന ചെയ്യേണ്ടത്? നമ്മുടെ വിശ്വാസവീക്ഷണത്തെയും, വിദ്യാഭ്യാസത്തിന്റെ ക്രിസ്ത്യൻ തത്വങ്ങളെയും അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസത്തെക്കുറിച്ചുള്ള മുൻപറഞ്ഞ നിർണ്ണായക ചോദ്യങ്ങൾക്ക് നാം എങ്ങനെ ഉത്തരം നൽകുന്നു എന്നതിനെ ആശ്രയിച്ചിരിക്കും നമ്മുടെ വിദ്യാഭ്യാസ ദൗത്യത്തിന്റെ വിജയം.*

ഉന്നതവിദ്യാഭ്യാസം നേടുന്ന ഓരോ കുട്ടിയും തന്റെ തന്നെ ഉൾക്കാഴ്ചക്കനുസരിച്ച്, സ്വതസിദ്ധമായ കഴിവുകൾ വളർത്തി, കുടുംബത്തിലും സമൂഹത്തിലും ആത്മാഭിമാനത്തോടെ പങ്കാളിയാകാൻ പ്രേരിപ്പിക്കപ്പെടുന്നു; പഠനം ആസ്വദിച്ച്, സ്വന്തം അഭിരുചികളും സാധ്യതകളും തിരിച്ചറിഞ്ഞ്, ഇഷ്ടപ്പെടുന്ന തൊഴിലുകൾ സ്വപ്നം കാണുന്നു. കാണുന്ന സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുതകുന്ന വഴികൾ മറ്റു വിദഗ്ദ്ധരുടെ ഉപദേശങ്ങൾക്കനുസരിച്ച് അവർ തന്നെ കണ്ടെത്തുന്നു. അറിവ്, നൈപുണ്യങ്ങൾ, ശരിയായ മനോഭാവങ്ങൾ എന്നിവ വേണ്ടവിധം സമന്വയിപ്പിച്ച്, നിരന്തര പ്രയത്നത്തിലൂടെ കൊച്ചുകൊച്ചു ലക്ഷ്യങ്ങൾ നേടി, സാവധാനം ആത്യന്തിക ലക്ഷ്യത്തിലെത്തിച്ചേരുന്നു; സമൂഹത്തിലെ വിലപ്പെട്ട അംഗമായിത്തീരുന്നു. നിഗൂഢമായ രീതിയിൽ, ദൈവിക പദ്ധതിയുടെ ഉപകരണമായി അനന്യമായി ഓരോ വ്യക്തിയും മാറുന്നു. തന്റെ തന്നെ സമഗ്രവികസനത്തിലൂടെ ഓരോ വ്യക്തിയും ദൈവമഹത്വം സാധ്യമാക്കുന്നു. ഇഷ്ടപ്പെട്ട ജോലി ചെയ്യുമ്പോൾതന്നെ സമൂഹത്തിലെ പ്രശ്നങ്ങളെക്കുറിച്ചും, അരക്ഷിതരായ മറ്റുള്ളവരെക്കുറിച്ചും കരുതലോടെ ചിന്തിക്കാനും, വേണ്ട ഇടപെടലുകൾ നടത്താനും സന്മനസ്സു കാണിക്കുന്നു. സംഭാഷണങ്ങളിലൂടെയും നിശബ്ദതയിലൂടെയും സംവാദ ങ്ങളിലൂടെയും ഉൾക്കാഴ്ചയും, തന്നെക്കുറിച്ചും തന്റെ സമൂഹത്തെക്കുറിച്ചും നീൾക്കാഴ്ച്ചയും നേടി, സാമൂഹ്യപ്രതിബദ്ധതയിലൂടെ ജീവിതസാഫല്യം നേടുന്നു. ■

**വൈദിക വിദ്യാർഥികളുടെ രൂപീകരണ ഫണ്ടിലേക്ക് സംഭാവന നൽകിയ ഇടവകകൾ**

| | | |
|---|---|---|
| 1. | St. Antony's Shrine Chettikad | - 20,000 |
| 2. | St. Sebastian's Church. Poyya | - 18,290 |
| 3. | St. Antony's Church. Kuriyapilly | - 9,200 |
| 4. | St. Joseph's Church, Kurumbathuruth | - 3,470 |
| 5. | St. Jude Church, Kuttanellur | - 5,000 |
| 6. | Little Flower Church Kootukad | - 10,000 |
| 7. | Manjumatha Basilica, Pallipuram | - 30,000 |



അവിടുന്നു ഏദനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ രൂപംകൊടുത്ത മനുഷ്യനെ അവിടെ താമസിപ്പിച്ചു.
ഉൽപത്തി 2 : 8

# പോരുന്നുണ്ടോ ഉണ്ണീ പോരുന്നുണ്ടോ?



അഗസ്റ്റിൻ പനച്ചിക്കൽ
കോട്ടപ്പുറം

**ച**ക്കരമാവിന്റെ കൊമ്പത്തിരുന്ന്
കാക്കക്കുയിലൊരു പാട്ടുപാടി...കൂ...കൂവ്
അത്തിമരത്തിന്റെ കൊമ്പിലിരുന്ന്
തത്തമ്മപെണ്ണത് ഏറ്റുപാടി...കൂ...കൂവ്
കേൾക്കുന്നുണ്ടോ ഉണ്ണീ കേൾക്കുന്നുണ്ടോ
കൂട്ടിന്നായ് ഞാനും കൂടെയില്ലേ
കുഞ്ഞിക്കഥകൾ പറഞ്ഞുതരാം
നാടൻ പാട്ടുകൾ പാടിത്തരാം
സന്ധ്യാക്കാഴ്ചക്കരയന്നത്തോണിയിൽ
കൊച്ചിക്കായലിൽ കൊണ്ടുപോകാം
കേൾക്കുന്നുണ്ടോ ഉണ്ണീ കേൾക്കുന്നുണ്ടോ
കൂട്ടിന്നായ് ഞാനും കൂടെയുണ്ട്
ചിൽഡ്രൻസ് പാർക്കിലെ കാറിലേറ്റാം
തത്തിക്കളിക്കുന്ന ബോട്ടിലേറ്റാം
കപ്പലു കാണാം തീവണ്ടി കാണാം
മെട്രോ ട്രെയിനും കയറിവരാം
കേൾക്കുന്നുണ്ടോ ഉണ്ണീ കേൾക്കുന്നുണ്ടോ
കൂട്ടിന്നായ് ഞാനും കൂടെയില്ലേ
ആകാശം മുട്ടുന്ന ഫ്ളാറ്റു കാണാം
വർണ്ണം വിതുമ്പുന്ന ലൈറ്റു കാണാം
തുറമുഖം കാണാനായ് പോയിടുന്ന
മെട്രോ ബോട്ടിലും കയറിവരാം
കേൾക്കുന്നുണ്ടോ ഉണ്ണീ കേൾക്കുന്നുണ്ടോ
കൂട്ടിന്നായ് ഞാനും കൂടെയുണ്ട്
പോരുന്നുണ്ട് ഞാനും പോരുന്നുണ്ട്
മമ്മിടെ കൂടെ പോരുന്നുണ്ട്
പോരുന്നുണ്ട് ഞാനും പോരുന്നുണ്ട്
കൊച്ചി കാണാൻ പോരുന്നുണ്ട്





# പ്രാർത്ഥിക്കാൻ പരിശീലിക്കാം ജീവിക്കാം ക്രിസ്തുവിനെപ്പോലെ



ഫാ. സിജോ വേലിക്കകത്തോട്ട്

**പു**തിയൊരു അദ്ധ്യയനവർഷം കൂടി ആഗതമായിരിക്കുന്നു. അമ്മ പകർന്നുതന്ന അമ്മിഞ്ഞപ്പാലിനൊപ്പം നമ്മിലേക്ക് ഒഴുകിയെത്തിയ വിശ്വാസം ആഴത്തിൽ വേരൂന്നുവാനും ബലം പ്രാപിക്കുവാനും ഏവരേയും സഹായിക്കുന്ന വിശ്വാസ പരിശീലന അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ അതിനു നേതൃത്വം നൽകുന്ന എല്ലാ അധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

സാർവ്വത്രിക സഭയുടെ മതബോധന രംഗത്തെ സുപ്രധാന നാഴികക്കല്ലായ **കത്തോലിക്കാ സഭയുടെ യുവജന മതബോധന ഗ്രന്ഥമായ YOU CAT** ന്റെ ആമുഖമായി പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ പാപ്പ ഇങ്ങനെ കുറിച്ചുവച്ചു: "നിങ്ങൾ എന്തു വിശ്വസിക്കുന്നുവെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. ഒരു IT Specialist കമ്പ്യൂട്ടറിന്റെ ആന്തരിക പ്രവർത്തനങ്ങൾ അറിയുന്നതുപോലുള്ള കൃത്യതയോടെ നിങ്ങളുടെ വിശ്വാസം നിങ്ങൾ അറിയണം. നല്ല സംഗീതജ്ഞൻ ഉപയോഗിക്കുന്ന സംഗീതോപകരണം അയാൾ അറിയുന്നതുപോലെ നിങ്ങൾ അതിനെ മനസ്സിലാക്കണം. നിങ്ങൾ നിങ്ങളുടെ മാതാപിതാക്കളുടെ തലമുറയേക്കാൾ കൂടുതൽ ആഴത്തിൽ വിശ്വാസത്തിൽ വേരുറച്ചവരാകണം. **തീക്ഷണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി കർത്താവിനെ ശുശ്രൂഷിക്കുവിൻ" (റോമ 12:11).**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ **പ്രാർത്ഥനാ വർഷമായി (Year of Prayer)** പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ **'പ്രാർത്ഥനയിലൂടെ യേശുവിലേക്ക്'** എന്ന KRLCBC മതബോധന കമ്മീഷന്റെ ചിന്തയുടെ ചുവടുപിടിച്ച് **"പ്രാർത്ഥിക്കാൻ പരിശീലിക്കാം... ജീവിക്കാം ക്രിസ്തുവിനെപ്പോലെ..."** എന്ന ആപ്തവാക്യം അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് 2024-2025 അദ്ധ്യയന വർഷത്തിലുടനീളം നാം പ്രവർത്തിക്കാനായി ഒരുങ്ങുന്നത്. *അമ്മ മടിയിലിരുത്തി നമ്മുടെ നെറ്റിത്തടങ്ങളിൽ കുരിശടയാളം വരച്ച് തുടക്കം കുറിച്ച നമ്മുടെ പ്രാർത്ഥനാ പരിശീലനം ഇന്നും തുടർന്നുകൊണ്ടുപോവുക എന്നതാണ് ഈ വർഷത്തെ വിശ്വാസപരിശീലനം ലക്ഷ്യം വയ്ക്കുന്നത്.*

പ്രിയപ്പെട്ട മതാദ്ധ്യാപകരേ, രൂപതാ മതബോധന ഡയറക്ടർ എന്ന നിലയിൽ ഞാനും, മതാദ്ധ്യാപകർ എന്ന നിലയിൽ നിങ്ങളോരോരുത്തരും വലിയൊരു ശുശ്രൂഷാദൗത്യമാണ് സ്വീകരിച്ചിരിക്കുന്നത്. **'നിങ്ങൾ ലോകമെങ്ങും പോയി സർവ്വ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ'** എന്ന ക്രിസ്തുമൊഴിയോട് ക്രിയാത്മകമായി പ്രതികരിച്ച അപ്പോസ്തലന്മാർക്ക് ലഭിച്ച ദൈവവിളി തന്നെയാണ് നമുക്ക് ഓരോരുത്തർക്കും ലഭിച്ചിട്ടുള്ളത്. ഓരോ കുഞ്ഞിലും ക്രിസ്തുരൂപപ്പെടുവാൻ, അവനെ/അവളെ പരിശീലിപ്പിക്കുക എന്നതാണ് നമ്മുടെ ദൗത്യം. വിശ്വാസ ശോഷണമാണ് സഭ നേരിടുന്ന വലിയൊരു വെല്ലുവിളി. അതിനെ അതിജീവിക്കുവാൻ, ആത്മാവിൽ ജ്വലിക്കുന്ന വിശ്വാസ തീക്ഷണതയുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുവാൻ നമുക്ക് കൂട്ടായി പരിശ്രമിക്കാം. ■



ഏദൻതോട്ടം കൃഷിചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടാക്കി.
ഉൽപത്തി 2 : 15

# സുക്കോളച്ചൻ : ദൈവത്തിന്റെ കൈയ്യെഴുത്തുപ്രതി



ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ

മണലിക്കാട് പള്ളിയുടെ വികാരിയായിരിക്കുന്ന ക്രിസ്റ്റി മരത്തോന്ത്ര അച്ചന് സ്തുതിയായിരിക്കട്ടെ. ഇതു വായിക്കുന്ന നിങ്ങൾ ചിലപ്പോൾ ചിന്തിച്ചേക്കാം, പതിവില്ലാതെ എന്താണ് ഒരു സ്തുതി!? അതും ക്രിസ്റ്റി അച്ചന്!? താഴെപറയുന്ന വൈജ്ഞാനിക കാര്യങ്ങളുടെ കാരണഭൂതൻ ക്രിസ്റ്റി അച്ചൻ ആയതുകൊണ്ടാണ് തുടക്കത്തിൽ തന്നെ അച്ചന് ഒരു കൃതജ്ഞതാ നിർഭരമായ സ്തുതി നൽകിയത്.

ചാലക്കുടി തിരുക്കുടുംബ ദേവാലയത്തിലിരുന്ന് വെടിവട്ടം പറയുന്നതിനിടയിലാണ് കണ്ണൂരുള്ള മഹാമിഷനറിയായ സുക്കോളച്ചൻ ഞങ്ങളുടെ വർത്തമാനത്തിനിടയിലേക്ക് കടന്നുവരുന്നത്. ക്രിസ്റ്റിയച്ചൻ ഒരു ദിവസം സുക്കോളച്ചനെ കാണാൻ പോയിരുന്നു. സംസാരത്തിനിടയ്ക്ക് സുക്കോളച്ചനോട് ക്രിസ്റ്റിയച്ചൻ 'പത്തായിരം' എന്നു പറഞ്ഞു. എന്നാൽ സുക്കോളച്ചൻ തന്റെ മേശവലിപ്പിലിരുന്ന തടിച്ചൊരു ഡയറി പോലെയുള്ള പുസ്തകമെടുത്ത് അത് തുറന്നുനോക്കിയിട്ട് ക്രിസ്റ്റിയച്ചനോടു പറഞ്ഞു, "പത്തായിരമല്ല, പതിനായിരം."

ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ സൂസന്നയെ വിചാരണ ചെയ്യാൻ കൊണ്ടുപോകുമ്പോൾ ബാലനായ ദാനിയേലിന്റെ മനസ്സിലേക്ക് പെട്ടെന്നൊരു ആത്മനിവേശം ഉണ്ടാകുന്ന തരത്തിൽ നിശ്ചലമായ ഒരു ജലാശയം പോലെ കിടന്നിരുന്ന എന്റെ മനസ്സിലേക്ക് വലിയൊരു ഉൽക്ക വീണ പ്രതീതിയായിരുന്നു അച്ചന്റെ ആ സംസാരം. ഫ്രീമൂസ് പെരിഞ്ചേരിയുടെ മിഷണറി വ്യാകരണവും പോൾ മണവാളന്റെ കേരള സംസ്കാരവും ക്രൈസ്തവ മിഷണറിമാരും എന്ന പുസ്തകങ്ങൾ വായിച്ച ഓർമ്മയാണ് എന്റെ മനസ്സിലേക്ക് കടന്നുവന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ എനിക്കു മനസ്സിലായി സുക്കോളച്ചന്റെ കയ്യിലിരിക്കുന്ന ക്രിസ്റ്റിയച്ചൻ പറഞ്ഞ ആ തടിച്ച പുസ്തകം അദ്ദേഹം മല





യാളം പഠിച്ചുകൊണ്ടിരിക്കുന്ന/പഠിച്ച അദ്ദേഹത്തിന്റെ കയ്യെഴുത്തു പ്രതിയായിരിക്കാം. ഉടൻതന്നെ അത് കണ്ടെടുക്കണമെന്നുള്ള അതിയായ ആഗ്രഹം എന്റെ മനസ്സിലുണ്ടായി (എന്തെങ്കിലും ഒരു കാര്യം ചെയ്യണമെന്നു തോന്നിയാൽ ഉടൻ തന്നെ ചെയ്യുക എന്നത് എന്റെ ഒരു രീതിയാണ്. എന്താ അല്ലേ?). ഉടൻതന്നെ ക്രിസ്റ്റിയച്ചനോടു പറഞ്ഞു കണ്ണൂരേക്ക് എത്രയും പെട്ടെന്ന് വച്ചുപിടിക്കണം. തിയ്യതി തീരുമാനിച്ച് ഞാനും ക്രിസ്റ്റിയച്ചനും കണ്ണൂരിലേക്കു പോയി. അവിടെയെത്തി പിറ്റേദിവസം രാവിലെ ഞാൻ അദ്ദേഹത്തിന്റെ മുറിയിലേക്ക് പ്രവേശിച്ചു. അദ്ദേഹത്തിന്റെ മേശപ്പുറമൊക്കെ പരിശോധിച്ചു. പതുക്കെ മേശയുടെ വലിപ്പ് തുറന്നപ്പോൾ ആ കയ്യെഴുത്തുപ്രതി അവിടെ ഭദ്രമായിരിക്കുന്നു. എന്റെ ഊഹം തെറ്റിയില്ല.

ഈയൊരു കയ്യെഴുത്തു പ്രതിയെക്കുറിച്ചാണ് ഈ മാസത്തെ ചിന്തകൾ. **1916 ഫെബ്രുവരി 8 നാണ് സുക്കോളച്ചൻ ഇറ്റലിയിലെ സർനോനിക്കൊ എന്ന പ്രദേശത്ത് ജനിച്ചത്.** 1940 മാർച്ച് 9 നായിരുന്നു അദ്ദേഹത്തിന്റെ പൗരോഹിത്യ സ്വീകരണം 1943 ഡിസംബർ 7 ന് അദ്ദേഹം ഈശോസഭയിൽ പ്രവേശിച്ചു. **1948 ലാണ് അദ്ദേഹം ഇന്ത്യയിലേക്കു വന്നത്.** മാതൃരാജ്യത്തേക്ക് ചുരുക്കം ചില സന്ദർഭങ്ങളിൽ തിരിച്ചു പോയതൊഴിച്ചാൽ **2014 ജനുവരി 6 ന് മരിക്കുന്നതുവരെ അദ്ദേഹം കോഴിക്കോട്, കണ്ണൂർ രൂപതകളിൽ മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.** മരിയാപുരം നിത്യസഹായമാത ദേവാലയത്തിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു.

നാല് നൂറ്റാണ്ടുകളിലെ മഹത്തായ പാരമ്പര്യമാണ് കേരളത്തിൽ വൈദേശിക മിഷണറിമാർക്ക് ഉള്ളത്. സുവിശേഷവത്കരണത്തിനപ്പുറം ചെന്നുനിൽക്കുന്നതാണ് അവരുടെ മഹത്തായ സേവനങ്ങൾ. മനുഷ്യരുടെ ആത്മീയവും ഭൗതികവുമായ നന്മകൾ ലക്ഷ്യമിട്ടു മാത്രമല്ല, നമ്മുടെ വൈജ്ഞാനിക ധാരകളെ പുഷ്ടിപ്പെടുത്തുന്ന തരത്തിലുള്ള സംഭാവനകൾ നൽകുവാനും അവർക്ക് സാധിച്ചിട്ടുണ്ട്. ആ മേഖലയിലുള്ള സംഭാവനകളാണ് നമ്മുടെ മാതൃഭാഷയായ മലയാളത്തിന് അവർ നൽകിയിട്ടുള്ളത്. **മലയാള ഭാഷയുടെ ആദ്യത്തെ വ്യാകരണങ്ങളും നിഘണ്ടുക്കളും എഴുതിയിട്ടുള്ളത് വൈദേശികരായ മിഷണറിമാരാണ്. ആ പാരമ്പര്യത്തിലെ അവസാന കണ്ണിയാണ് സുക്കോളച്ചൻ.**

കേരളത്തിലെ മിഷണറി ചരിത്രത്തിൽ പൊതുവേ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത് മദ്ധ്യകേരളത്തിലും തെക്കൻ കേരളത്തിനലും നടന്ന മിഷണറി പ്രവർത്തനങ്ങളാണ്. പ്രത്യേകിച്ചും വരാപ്പുഴ, സമ്പാളൂർ, കോട്ടയം പ്രദേശങ്ങൾ കേന്ദ്രമാക്കി നടന്നിട്ടുള്ള മിഷണറി പ്രവർത്തനങ്ങൾ. വടക്കൻ കേരളത്തിൽ നടന്ന മിഷണറി പ്രവർത്തനങ്ങളെക്കുറിച്ച് വലിയ തോതിലുള്ള പഠനങ്ങളൊന്നും പുറത്തുവന്നിട്ടില്ല. അതിനു കാരണം കേരളത്തിലെ മിഷൻ പ്രവർത്തനങ്ങളുടെ കേന്ദ്രം വരാപ്പുഴയും പരിസരങ്ങളും ആയതുകൊണ്ടായിരിക്കണം. മാത്രമല്ല, ഈ കേന്ദ്രങ്ങളിലൊക്കെ പ്രവർത്തിച്ചിരുന്നത് കർമ്മലീത്ത മിഷണറിമാരാണ്.

*(ശേഷം പേജ് 14)*



*ജ്ഞാനംകൊണ്ട് അവിടുന്ന് ആകാശത്തെ സൃഷ്ടിച്ചു;*
*അവിടുത്തെ കാരുണ്യം അനന്തമാണ്.*
സങ്കീർത്തനങ്ങൾ 136 : 5

കത്തോലിക്കാ സഭയെ അറിയാം... പഠിക്കാം..



# ദൈവാലയങ്ങളുടെ മാതാവായ ജോൺ ലാറ്ററൻ ബസിലിക്കയും, സിസ്റ്റൈൻ ചാപ്പലും



അനി ജോസഫ്, കുട്ടുകാട്

**പ**ഴയനിയമത്തിൽ ജറുസലേം ദൈവാലയത്തിന് ഇസ്രായേൽ ജനം വലിയ പ്രാധാന്യം നൽകിയിരുന്നതുപോലെ, കത്തോലിക്കാ സഭയിലും ദൈവാലയങ്ങൾക്ക് പ്രാധാന്യമുണ്ട്. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ഇപ്രകാരം പറയുന്നു, "സഭയ്ക്ക് അതിന്റെ ഭൗതീകാവസ്ഥയിൽ സമൂഹിത്തിന് ഒത്തുചേരാനുള്ള സ്ഥലങ്ങൾ ആവശ്യമാണ്. നമ്മുടെ വിശുദ്ധ സ്ഥലങ്ങളായ ദൃശ്യദൈവാലയങ്ങൾ നാം ഏതു നഗരത്തിലേക്കാണോ തീർത്ഥാടനം നടത്തുന്നത്, ആ സ്വർഗീയ ജറുസലേമാകുന്ന വിശുദ്ധ നഗരത്തിന്റെ പ്രതിരൂപങ്ങളാണ്" (CCC 1198). ഇപ്രകാരം കത്തോലിക്കാ സഭയിൽ പ്രാധാന്യമർഹിക്കുന്ന ദൈവാലയങ്ങളാണ് വി. ജോൺ ലാറ്ററൻ ബസിലിക്കയും സിസ്റ്റൈൻ ചാപ്പലും.

കത്തോലിക്കാസഭയുടെ തലവൻ എന്ന നിലയിൽ പാപ്പമാർ വത്തിക്കാനിലാണ് വസിക്കുന്നതെങ്കിലും പാപ്പാ മെത്രാനായുള്ള റോം രൂപതയുടെ കത്തീഡ്രൽ വി. ജോൺ ലാറ്ററൻ ബസിലിക്ക സ്ഥിതിചെയ്യുന്നത് വത്തിക്കാൻ നഗരത്തിന് പുറത്താണ്. റോമാ നഗരത്തിലും ലോകത്തിലുമുള്ള എല്ലാ ദൈവാലയങ്ങളുടെയും മാതാവെന്നും ഈ ബസിലിക്ക അറിയപ്പെടുന്നു. വലിയ ബസിലിക്കകൾ അഥവാ പേപ്പൽ ബസിലിക്കകൾ എന്നറിയപ്പെടുന്ന നാലു ബസിലിക്കകളിലെ പ്രഥമ മേജർ ബസിലിക്കയാണ് വി. ജോൺ ലാറ്ററൻ ബസിലിക്ക. റോമിലെ ഏറ്റവും പുരാതനമായ ഈ അമ്മ ദൈവാലയത്തിന്റെ പ്രതിഷ്ഠാപന തിരുനാൾ നവംബർ 9 ന് ആചരിക്കപ്പെടുന്നു.

വത്തിക്കാനിലെ ഏറ്റവും ആകർഷണീയമായ ഒരിടമാണ് സിസ്റ്റൈൻ ചാപ്പൽ. 1473 നും 1481 നും ഇടയിലാണ് ഈ ദൈവാലയം പുനഃപ്രതിഷ്ഠിച്ചത്. 1483 ആഗസ്റ്റ് 15 ന് അന്നത്തെ പാപ്പയായിരുന്ന സിക്സ്റ്റസ് നാലാമൻ പാപ്പ ആദ്യ കുർബാന അർപ്പിച്ചു. ചാപ്പൽ പരിശുദ്ധ മറിയത്തിനു പ്രതിഷ്ഠിച്ചു. സിസ്റ്റൈൻ ചാപ്പൽ പാപ്പയുടെ ഔദ്യോഗിക വസതിയാ അപ്പോസ്തലിക് കൊട്ടാരത്തിലെ ഒരു ദൈവാലയമാണ്. 1483 മുതൽ പുതിയ പാപ്പമാരുടെ തിരഞ്ഞെടുപ്പിനുള്ള കോൺക്ലേവ് നടക്കുന്നത് ഈ ചാപ്പലിലാണ്. പുതിയ പാപ്പയ്ക്കുവേണ്ടിയുള്ള കോൺക്ലേവ് നടക്കു

*അവർ ആശ്ചര്യപ്പെട്ടുപറഞ്ഞു : ഇവൻ ആര്? കാറ്റും കടലുംപോലും ഇവനെ അനുസരിക്കുന്നുവല്ലോ!*

മത്തായി 8 : 27



മ്പോൾ പുറത്തുള്ള ജനങ്ങൾക്കു പുതിയ പാപ്പ തെരഞ്ഞെടുക്കപ്പെട്ടോ എന്നറിയാൻ സിസ്റ്റൈൻ ചാപ്പലിന്റെ മേൽക്കൂരയിലുള്ള ചിമ്മിനിയിലൂടെ വരുന്ന പുകയാണ് അടയാളം. ചിമ്മിനിയിലൂടെ വെളുപ്പ പുക വന്നാൽ പുതിയ പാപ്പയെ തിരഞ്ഞെടുത്തു എന്നും, കറുത്ത പുകയാണ് ദൃശ്യമാകുന്നതെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല എന്നുമാണ് നിഗമനം. പാപ്പ തിരഞ്ഞെടുപ്പിനുപയോഗിച്ച ബാലറ്റുകൾ രഹസ്യമായിരിക്കാൻ ബാലറ്റിനോടൊപ്പം ചില പ്രത്യേക കെമിക്കലുകൾ ചേർത്താണ് യഥോചിതം കറുത്ത പുകയും വെളുത്ത പുകയും ചിമ്മിനിയിലൂടെ ദൃശ്യമാക്കുന്നത്. കത്തോലിക്കാസഭയിൽ വളരെയേറെ പ്രാധാന്യമുള്ള ഈ ദൈവാലയം അതിമനോഹരങ്ങളായ പെയിന്റിംഗുകളാൽ ലോകപ്രസിദ്ധമാണ്. ■

---

*(പേജ് 12 ന്റെ തുടർച്ച)*

ഇവരുടെ അത്യുജ്ജ്വലവും സുസംഘടിതവുമായ പ്രവർത്തനങ്ങളാൽ മറ്റു സഭകളുടെ മിഷൻ പ്രവർത്തനങ്ങൾ വേണ്ടത്ര രീതിയിൽ പരിഗണിക്കപ്പെടുകയുണ്ടായിട്ടില്ല എന്നു തോന്നുന്നു. മാത്രമല്ല, പതിനേഴാം നൂറ്റാണ്ടാകുമ്പോഴേക്കും ഈശോസഭ നിർത്തലാക്കുകയും ചെയ്യപ്പെട്ടു. വടക്കൻ കേരളത്തിൽ കൂടുതലായി പ്രവർത്തിച്ചിരുന്നത് ഈശോസഭ വൈദികരാണെന്ന് ഓർക്കണം.

എന്റെ അറിവു ശരിയാണെങ്കിൽ കേരള ക്രൈസ്തവ ചരിത്രത്തിലെ മിഷണറി പാരമ്പര്യത്തിൽ നിന്ന് കണ്ടെടുക്കുന്ന അവസാനത്തെ കയ്യെഴുത്തു പ്രതിയായിരിക്കും സുക്കോളച്ചൻ എഴുതിയിട്ടുള്ള ഈ മലയാള പഠനസഹായി. ശരിക്കും ഇതൊരു മലയാള പഠനസഹായി മാത്രമല്ല, വ്യാകരണവും നിഘണ്ടുവും ഇതിൽ അടങ്ങിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ മുൻഗാമികളിൽ പലരും മലയാള പഠനത്തിനായുള്ള കയ്യെഴുത്തു പ്രതികൾ രചിച്ചിട്ടുണ്ട്. അതൊക്കെ മിക്കവാറും ലത്തീൻ, മലയാളം, പോർച്ചുഗീസ് ഇംഗ്ലീഷ് ഭാഷകളിലാണ്. എന്നാൽ സുക്കോളച്ചന്റെ ഈ കയ്യെഴുത്തു പ്രതി ഇംഗ്ലീഷ്, ലത്തീൻ, മലയാളം, ഇറ്റാലിയൻ ഭാഷകളിൽ രചിച്ചിട്ടുള്ളതാണ്. മിഷണറി ഭാഷാപഠന സഹായികളിൽ ഇറ്റാലിയൻ ഭാഷയിൽ കണ്ടെത്തിയിട്ടുള്ള ആദ്യത്തെ കയ്യെഴുത്തു പ്രതിയായിരിക്കണം ഇത്. ഇതുതന്നെയാണ് ഇതിന്റെ ചരിത്രപരമായ പ്രത്യേകതയും.

ഏകദേശം 280 പേജുകളോളം ഉണ്ട്. അവസാനത്തെ 22 പേജുകൾ നമ്പറുകൾ ഇടാത്ത പേജുകളാണ്. മലയാളത്തിന്റെ വ്യാകരണവും വാക്കുകളുടെ അർത്ഥവുമൊക്കെ ചേർത്തു പോയിട്ടുണ്ട്. ചുറ്റുമുള്ള കാര്യങ്ങളിൽ നിന്നും ബൈബിളിൽ നിന്നുമൊക്കെയാണ് ധാരാളം ഉദാഹരണങ്ങൾ ചേർത്തിട്ടുള്ളത്. വരയിട്ട തടിച്ച പുസ്തകത്തിൽ വളരെ ഭംഗിയായും ചിട്ടയായുമാണ് എഴുത്ത് മുന്നോട്ട് പോയിട്ടുള്ളത്.

കൂടുതൽ വിവരങ്ങൾക്കായി തത്പരകക്ഷികൾ സമീപിക്കുക - roopmic@gmail.com ■



*ഭൂമിയും അതിലെ സമസ്ത വസ്തുക്കളും ഭൂതലവും അതിലെ നിവാസികളും കർത്താവിന്റേതാണ്.*

സങ്കീർത്തനങ്ങൾ 24 : 1



## അയൽക്കൂട്ടം

സഭാപ്രസംഗകൻ 11:9-10, 12:11

# യുവത്വത്തിൽ നീ സന്തോഷിക്കുക

ഫാ. അജയ് ഷാജു കൈതത്തറ

**ച**രടുപൊട്ടിയ പട്ടംപോലെ യൗവനത്തെ ആഘോഷിക്കാൻ നിശ്ചയിച്ച ഒരാളെ ദൈവം പിടികൂടി. ഹിംസയുടെ വഴികളിൽ വച്ചായിരുന്നു അത്. അനന്യമായ ഒരു സ്നേഹപ്പെരുമഴയിൽ അയാൾ ശുദ്ധനായി. ക്രിസ്തു അവന് ലഹരിയായി മാറി. പിന്നെ അവൻ അലയാൻ തുടങ്ങി. "സ്നേഹമേ, സ്നേഹിക്കപ്പെടാത്ത സ്നേഹമേ" എന്നു നിലവിളിച്ച്... പോർച്ചട്ടയുടെ ധാർഷ്ട്യത്തിൽ നിന്ന് തെരുവുവിളക്കുകളെപ്പോലും ഊതിക്കെടുത്താനാകാത്ത കാരുണ്യത്തിലേക്ക്... രണ്ടാം ക്രിസ്തു എന്ന് അറിയപ്പെടുന്ന 'അസ്സീസിയിലെ സെന്റ് ഫ്രാൻസിസ്' ആയി ആ മനുഷ്യനെ ഉയർത്തി.

സഭാപ്രസംഗകൻ നമ്മുടെ കണ്ണുകളിലേക്ക് നോക്കി പറയുന്നുണ്ട്, അമിതമായ ആനന്ദത്തിനു വേണ്ടി നിന്റെ ഓട്ടപ്പാച്ചിലും, കണ്ണിന്റെ അഭിലാഷങ്ങളെ പൂർണ്ണമായും അനുഭവിക്കാനുള്ള നിന്റെ ജീവിതവ്യഗ്രതയും വലിയ അപകടങ്ങളിലേക്ക് നിന്നെ എത്തിക്കും. ഒന്നിലും താല്പര്യം തോന്നാത്ത അതിദാരുണമായ അവസ്ഥയിലേക്ക് നീ എത്തിച്ചേരും. വചനം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്, ഓർമ്മകൾ നിറയുന്ന, ഉത്തരവാദിത്വങ്ങൾ വന്നുചേരുന്ന, ഭാവിയെക്കുറിച്ച് തീരുമാനങ്ങൾ എടുക്കേണ്ട... നിന്റെ യൗവനകാലത്ത് ചില അടിസ്ഥാനപരമായ ബോധ്യങ്ങളിലേക്ക് ഓരോ ക്രൈസ്തവ യുവതീയുവാക്കളും എത്തിച്ചേരണമെന്ന് സുഭാഷിതങ്ങളുടെ പുസ്തകം നമ്മോട് പറയുന്നുണ്ട്. ജീവിതത്തിൽ തിരിച്ചടികൾ ലഭിക്കുമ്പോൾ ദൈവം ഈ ഭൂമിയിലുണ്ടോ എന്നു നാം ചോദിക്കാറുണ്ട്. നാം ചോദിക്കുന്ന കാര്യങ്ങൾ ദൈവം തരാൻ വൈകുമ്പോൾ ദൈവത്തിൽ നിന്ന് അകലുന്ന പ്രവണതകൾ ആരംഭിക്കുന്ന കാലഘട്ടമാണ് യുവത്വം. ജീവിതത്തിന്റെ സന്തോഷങ്ങളുടെയും ദുഃഖങ്ങളുടെയും, രോഗത്തിന്റെ അതികഠിനമായ പീഡകളുടെയും നടുവിൽ പരാതികളില്ലാതെ, പരിഭവങ്ങളില്ലാതെ ദൈവത്തെ സ്നേഹിച്ച, വി.കുർബാനയെ ചേർത്തുപിടിച്ച അജ്ന എന്ന ഈശോക്കൊച്ചിനെ നാം അറിയേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ഇക്കഴിഞ്ഞ 2022 ജനുവരി 21 ന് സ്വർഗം നേടിയ ഇരുകണ്ണുകളുടെ കാഴ്ചകളെ കാൻസർ കവർന്നെടുത്തപ്പോഴും "മുഴുവൻ കാഴ്ചയും പോയാൽ ഞാനെങ്ങനെ കുർബാനയ്ക്കു പോകും എന്നുപറഞ്ഞ് നമ്മെ അത്ഭുതപ്പെടുത്തിയ, തലയ്ക്കുള്ളിൽ വല്ലാത്ത വേദന വരുമ്പോഴും കുടുംബപ്രാർത്ഥന മുടങ്ങരുതെന്ന വാശി ഉണ്ടായിരുന്ന പെൺകുട്ടി. കാൻസർ

ഒരു ദയയും കാണിക്കാതെ ആ ജീവിതത്തിനു മീതെ ആഞ്ഞടിച്ചപ്പോഴും, ഇതെല്ലാം കർത്താവിന്റെ പദ്ധതിയല്ലേ എന്നുപറഞ്ഞ്, അവളുടെ ഈശോയെ ബലമായി സ്വീകരിക്കാൻ അമ്മയുടെ കൈപിടിച്ച് പള്ളികളായ പള്ളികളൊക്കെ നടന്നുതീർത്ത ദൈവമകൾ. സ്വർഗം കീഴടക്കാൻ അവളെ സഹായിച്ച ഒരു കുഞ്ഞു ഉപദേശം നിങ്ങളുമായി പങ്കുവയ്ക്കുകയാണ്.

"ചെറുപ്പം മുതൽ പ്രാർത്ഥനയിലും കുർബാനയിലും പങ്കെടുക്കുക.

മറ്റുള്ളവരുമായി വഴക്കിടാതെ ഈശോയോടു സംസാരിക്കുക.

എല്ലാ പ്രശ്നങ്ങൾക്കു പരിഹാരം അവിടെയുണ്ട്."


അതെ, നീ അന്വേഷിക്കേണ്ട, ഈശോ നിനക്കുവേണ്ടി കാത്തിരിക്കുന്നുണ്ട്, തിരിച്ചറിവുകൾ ഉണ്ടാകട്ടെ. തിരികെ ആ പഴയ സ്നേഹത്തിലേക്ക് നടന്നുകയറാൻ സാധിക്കട്ടെ.

ചർച്ചയ്ക്ക് :

1. *നമ്മുടെ ഹൃദയത്തെയും ആത്മാവിനെയും ശക്തിപ്പെടുത്തുന്ന വിശുദ്ധ കുർബാനയിലുള്ള പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ടോ? കടപ്പെട്ട ദിവസങ്ങളിലെ ബലിയർപ്പണം മുടക്കാതിരിക്കാൻ ശ്രമിക്കുന്നുണ്ടോ?*
2. *സഭയുടെ സ്വഭാവവും ദൗത്യവും സഭയുടെ യുവജനങ്ങൾ എന്ന തലത്തിൽ എങ്ങനെ പ്രകടമാക്കും?*

പ്രവർത്തനത്തിന് :

1. *സഭയുടെ അടിസ്ഥാനമായ കുടുംബങ്ങളെ ഐക്യപ്പെടുത്തുന്ന കുടുംബ പ്രാർത്ഥനയിൽ എത്ര തിരക്കുണ്ടായാലും പങ്കെടുക്കുവാൻ ശ്രമിക്കുക.*
2. *ക്രിസ്തുവിന്റെ സന്ദേശങ്ങളും ക്രൈസ്തവ പുണ്യങ്ങളും സൂചിപ്പിക്കുന്ന WhatsApp Status പങ്കുവയ്ക്കുക.* ■



## മതബോധന അദ്ധ്യയനവർഷ ഉദ്ഘാടനം 2024 – 2025



കോട്ടപ്പുറം രൂപത മതബോധന അദ്ധ്യയന വർഷം 2024-2025 ഉദ്ഘാടനം നടത്തപ്പെട്ടു. വികാർ ജനറൽ മോൺ. റോക്കി റോബി കളത്തിൽ പതാക ഉയർത്തി, ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ ഉദ്ഘാടനം നിർവഹിച്ചു, ജീവനാദം മാനേജിങ് എഡിറ്റർ ഫാ. ജോൺ കപ്പിസ്താൻ ലോപ്പസ് വചനപ്രഘോഷണം നടത്തി. രൂപതയിൽ സമ്മാനർഹരായ കുട്ടികളെയും അദ്ധ്യാപകരെയും യൂണിറ്റുകളെയും ആദരിച്ചു. രൂപതാ മതബോധന ഡയറക്ട്രി ഫിയാത്ത് കോട്ടപ്പുറം ഫോറോന വികാരി ഫാ. ജോസഫ് ഒളാട്ടുപുറം പ്രകാശനം ചെയ്തു. രൂപതാ മതബോധന ഡയറക്ടർ ഫാ. സിജോ വേലിക്കകത്തോട്ട് നേതൃത്വം നൽകി.

## കിഡ്സ് – ഇന്റർനാഷണൽ ലാംഗ്വേജ് അക്കാദമി (ILA) ആരംഭിച്ചു




കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ (KIDS) നേതൃത്വത്തിൽ ആരംഭിക്കുന്ന, ഇന്റർനാഷണൽ ലാംഗ്വേജ് അക്കാദമി (ILA) യുടെ ആദ്യ ബാച്ചിന്റെ ഉദ്ഘാടനം മെയ് 8 ന് കോട്ടപ്പുറം കിഡ്സ് ഓഫീസിൽ വച്ച് റൈറ്റ്. റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ക്ലാസ് എടുത്തുകൊണ്ട് നിർവഹിച്ചു. തുടർന്ന് ജർമ്മനിയിലേക്ക് മറ്റു രാജ്യങ്ങളിലേക്കും റിക്രൂട്ട് ചെയ്യുന്ന പ്രമുഖ റിക്രൂട്ടിംഗ് ഏജൻസികൾ ആയ Ambe international and IID തുടങ്ങിയവർ ജോലി സാധ്യതകളെക്കുറിച്ച് ഉപരിപഠന സാധ്യതകളെക്കുറിച്ച് സംവദിച്ചു.

## ജർമ്മൻ എപ്ലോയേഴ്സ് ടീം കിഡ്സ് സന്ദർശിച്ചു.




ജർമ്മൻ ഹോസ്പിറ്റലുകളിൽ പ്രമുഖ റിക്രൂട്ടിംഗ് എജൻസിയായ DeFa എംപ്ലോയേഴ്സ് ഒഡേപെകിന്റെ നേതൃത്വത്തിൽ കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഇന്റർ നാഷണൽ ലാംഗ്വേജ് അക്കാദമി സെന്റർ സന്ദർശിച്ചു. ജർമ്മനിയുടെ വിവിധ ഭാഗങ്ങളിൽ 170ഓളം ഹോസ്പിറ്റലുകളുടെ മേധവിയായ Mrs. Astrid Satorius എല്ലാ ഉദ്യോഗർത്ഥികൾക്കും ജോലി ലഭിക്കും എന്ന ഉറപ്പും എന്നാൽ ഇപ്പോൾ ഇന്റർവ്യൂ നടത്തുന്നത് കൂടുതൽ വർഷം പ്രവൃത്തി പരിചയം ഉള്ളവരെയാണെന്ന് അഭിപ്രായപ്പെട്ടു. 6 കുട്ടികൾക്ക് ജോലിക്കുള്ള ഇന്റർവ്യൂ ശരിയാക്കി കൊടുക്കുകയും ഒരു കുട്ടിക്ക് ഓഫർ ലെറ്റർ കൊടുക്കുകയും ചെയ്യതു.

ജൂൺ 5 ന്

ജന്മദിനം ആഘോഷിക്കുന്ന

**ജോബി കാട്ടാശ്ശേരി അച്ചന്**

**പ്രാർത്ഥനാശംസകൾ**



ആശംസകളോടെ...

കാട്ടാശ്ശേരി കുടുംബാംഗങ്ങൾ



ജൂൺ 10 ന്

ജന്മദിനം ആഘോഷിക്കുന്ന

**അഗസ്റ്റിൻ നിമേഷ്**

**കാട്ടാശ്ശേരി അച്ചന്**

**പ്രാർത്ഥനാശംസകൾ**

ആശംസകളോടെ...

കാട്ടാശ്ശേരി കുടുംബാംഗങ്ങൾ

## വിദ്യാർത്ഥികൾക്ക് പകുതി വിലയ്ക്ക് ലാപ്ടോപ്പ് നൽകി കിഡ്സ് കോട്ടപ്പുറം



കോട്ടപ്പുറം : 2024 മെയ് 13 തിങ്കൾ ഉച്ചയ്ക്ക് 3.30ന് കിഡ്സ് ക്യാമ്പസിൽ വച്ച് സന്നദ്ധ സംഘടനകളുടെ കൂട്ടായ്മയായ നാഷ്ണൽ എൻ.ജി.ഒ. കോൺഫെഡറേഷനും കോട്ടപ്പുറം ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി (കിഡ്സ്)യും ആഭിമുഖ്യത്തിൽ 50% സാമ്പത്തിക സഹായത്തോടെ +2 മുതൽ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം നടത്തി. പരിപാടിയുടെ ഉദ്ഘാടനം കോട്ടപ്പുറം രൂപത വികാർ ജനറൽ വെരി റവ. മോൺ. റോക്കി റോബിൻ കളത്തിൽ നിർവ്വഹിച്ചു. 81 ലാപ്ടോപ്പുകളാണ് കൈമാറിയത്. വനിതകളെ സ്വയം പര്യാപ്തതയിലേക്കും സംരംഭക വികസനത്തിലേക്കും സുസ്ഥിര വരുമാനമാർഗ്ഗത്തിലേക്കും നയിക്കുന്നതിന്റെ ഭാഗമായി ഇരുചക്ര വഹാനങ്ങൾ, തയ്യൽ മെഷീനുകൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയ പദ്ധതികളും 50% സാമ്പത്തിക സഹായത്തോടെ ചെയ്തുവരുന്നു.

## സജീവം ആന്റിഡ്രഗ് ക്യാംപെയ്നുകൾ സംഘടിപ്പിക്കപ്പെട്ടു



കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെയും കാരിത്താസ് ഇന്ത്യയുടെയും സഹകരണത്തോടു കൂടി നടപ്പിലാക്കുന്ന സജീവം ആന്റി ഡ്രഗ് ക്യാംപെയ്ന്റെ ഭാഗമായി ഡ്രഗ്സ് ത്രിൽസ് ദെൻ കിൽസ് ലഹരിയോട് NO പറയാം എന്ന സന്ദേശവുമായി കുരിശിങ്കൽ ലൂർദ്മാത ദൈവാലയത്തിലും, കോട്ടപ്പുറം മുസിരിസ് ആംഫി തിയറ്ററിലും തെരുവ് നാടകം ഇന്റേൺ ഷിപ്പ് കുട്ടികൾ അവതരിപ്പിച്ചു. കിഡ്സ് അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. ബിയോൺ തോമസ് കോണോത്ത്, റവ. സിസ്റ്റർ ഷൈനിമോൾ എന്നിവർ പൂമൊട്ടുകളെ കുറിച്ചും ലഹരി വർജ്ജനത്തെക്കുറിച്ചും സംസാരിച്ചു. തിരുത്തിപ്പുറത്തിൽ നിന്നും ആനിമേറ്റർ ശ്രീമതി റീന ഫ്രാൻസിസ്റ്റിന്റെ നേതൃത്വത്തിലുള്ള റെയിൻ ഡ്രോപ്പ്സ് പൂമുട്ടിലെ കുട്ടികളും കൈരളി, പുലരി, ചൈതന്യ, ലാവണ്യ, രശ്മി, ജ്യോതിസ്, മരിയ എന്നിങ്ങനെയുള്ള ഏഴ് എസ്.എച്ച്.ജികൾ അംഗങ്ങൾ തുടങ്ങിയവർ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിയിൽ പങ്കെടുത്തു.



## KCBC സംസ്ഥാന അധ്യാപക എക്സലൻസ് അവാർഡ് ലെനിൻ പുത്തൻവീട്ടിലിന്

KCBC വിദ്യാഭ്യാസ കമ്മീഷൻ കേരളത്തിലെ ലത്തീൻ, മലങ്കര, സിറിയൻ രൂപതകളിൽപ്പെട്ട അധ്യാപകർക്കായി LP, UP, HS, HSS വിഭാഗങ്ങൾക്കായ് നൽകുന്ന സാംസ്ഥാന അധ്യാപക എക്സലൻസ് അവാർഡിന് പള്ളിപ്പുറം മഞ്ഞുമാത ബസിലിക്ക ഇടവകാംഗവും, ചാത്തേടം സെന്റ് ജോസഫ് ഹൈസ്കൂൾ അധ്യാപകനുമായ ലെനിൻ പുത്തൻവീട്ടിലിന് ലഭിച്ചു.

## പുതിയ ബിരുദപാഠ്യപദ്ധതി സെമിനാർ 'മുഖാമുഖം' സംഘടിപ്പിച്ചു



MG യൂണിവേഴ്സിറ്റിയും Presentation College of Applied സയൻസസും സംയുക്തമായി പ്ലസ് ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കും, മാതാപിതാക്കൾക്കും, അധ്യാപകർക്കുമായി പുതിയ ബിരുദപാഠ്യപദ്ധതി സെമിനാർ മുഖാമുഖം സംഘടിപ്പിച്ചു. കോട്ടപ്പുറം രൂപത ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ സെമിനാർ ഉത്ഘാടനം ചെയ്തു സംസാരിച്ചു. MGU-UGP HONOURS മാസ്റ്റർ ട്രെയിനറും, എസ്. എൻ. എം കോളേജ് മാല്യങ്കര ഇംഗ്ലീഷ് വിഭാഗം HOD യും, അസിസ്റ്റന്റ് പ്രൊഫസറുമായ മിസ്സ് ബിൻഷ ബി സെമിനാറിന് നേതൃത്വം നൽകി. നാലു വർഷ ഡിഗ്രി കോഴ്സുകളെ കുറിച്ചും, അതിന്റെ ഗുണങ്ങളെ കുറിച്ചും സംസാരിച്ചതോടൊപ്പം വിദ്യാർത്ഥികളെ കൂടുതൽ ക്രിയാത്മകമായി ചിന്തിക്കാനും, സ്വന്തമായി പഠന മേഖലയിൽ വിഷയങ്ങൾ തിരഞ്ഞെടുക്കുവാനും അനുവദിക്കുന്ന തരത്തിലുള്ള പുതിയ ബിരുദപാഠ്യപദ്ധതി കുട്ടികൾക്ക് പഠന മേഖലയിൽ ഒരു വ്യത്യസ്തവും നൂതനവുമായ അനുഭവം സമ്മാനിക്കുമെന്ന് മിസ് ബിൻഷ സെമിനാറിൽ പറഞ്ഞു.



### ബയോളജിക്കൽ സയൻസിൽ PHD

കൃഷ്ണൻകോട്ട ക്രിസ്തുരാജ ഇടവകാംഗമായ ചെമ്മാച്ചേരി സേവ്യർ -പുഷ്പി ദമ്പതികളുടെ മകളായ അലീന സേവ്യർ ബയോളജിക്കൽ സയൻസിൽ PHD കരസ്ഥമാക്കി. Indian Institute of Science Education and Research Bhopal - നിന്നാണ് PHD നേടിയത്.



## കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന സമ്മേളനം



കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമ്മേളനം കോട്ടപ്പുറം രൂപതയുടെ ആതിഥേയത്വത്തിൽ പറവൂരിൽ വച്ച് നടത്തി. സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ബിജു ഒളാട്ടുപുറം അദ്ധ്യക്ഷത വഹിച്ചു. പ്രതിപക്ഷ നേതാവ് അഡ്വ. വി.ഡി. സതീശൻ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. KCBC വിദ്യാഭ്യാസ കമ്മീഷൻ ചെയർമാൻ ഡോ. ജോഷ്വ മാർ ഇഗ്നാതിയോസ് മുഖ്യപ്രഭാഷണവും, കോട്ടപ്പുറം രൂപതാ ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ അനുഗ്രഹപ്രഭാഷണവും നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. ആന്റണി അറയ്ക്കൽ, കോട്ടപ്പുറം രൂപത കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി ജനറൽ മാനേജർ ഫാ. ഷിജു കല്ലറക്കൽ, അസോസിയേറ്റ് മാനേജർ ഫാ. സിബിൻ കല്ലറക്കൽ, രൂപതാ പ്രസിഡന്റ് ലെനിൻ പുത്തൻവീട്ടിൽ, സംസ്ഥാന സെക്രട്ടറി ശ്രീ. സി.ടി വർഗ്ഗീസ് എന്നിവർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിലും, പറവൂർ സെന്റ് ജെർമയിൻസ് പള്ളിയിൽ ആരംഭിച്ച റാലിയിലും കേരളത്തിലെ ലത്തീൻ, സിറിയൻ, മലങ്കര റീത്തുകളിൽപ്പെട്ട 32 രൂപതകളിൽ നിന്നും ഉള്ള രണ്ടായിരത്തോളം അധ്യാപക പ്രതിനിധികൾ പങ്കെടുത്തു. സമ്മേളനത്തിൽ സംസ്ഥാന അദ്ധ്യാപക അവാർഡുകൾ സമ്മാനിച്ചു.



ജൂൺ 29-ാം തീയതി
നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന
**പോൾ കുരിയാപ്പിള്ളി അച്ചന്**
പ്രാർത്ഥനാശംസകൾ



ആശംസകളോടെ...
സഹവികാരി, സിസ്റ്റേഴ്സ്, ഇടവക മക്കൾ
ലിറ്റിൽ ഫ്ളവർ ചർച്ച്, കൂട്ടുകാട്



ജൂൺ 29-ാം തീയതി
നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന
**പോൾ തോമസ് കളത്തിൽ അച്ചന്**
പ്രാർത്ഥനാശംസകൾ

ആശംസകളോടെ...
ബാച്ച്മേറ്റ്സ്

## മതബോധന വിദ്യാർത്ഥികൾക്കു വേണ്ടി VFF നടത്തപ്പെട്ടു.

കോട്ടപ്പുറം രൂപതയിലെ മതബോധന വിദ്യാർത്ഥികൾക്കു വേണ്ടി അവധിക്കാല വിശ്വാസ മഹോത്സവം (VFF) നടത്തപ്പെട്ടു. 26 ഇടവകകളിൽ മതബോധന അദ്ധ്യാപകരുടെയും പിടിഎ ഭാരവാഹികളുടെയും സഹകരണത്തോടെ കോട്ടപ്പുറം രൂപതയിലെ വൈദിക വിദ്യാർത്ഥികളാണ് VFF ന് നേതൃത്വം നൽകിയത്.



## അൾത്താരബാല സംഗമം

അൾത്താരയോടുചേർന്ന് കാർമ്മികനോടുചാരെ ബലിയർപ്പിക്കുവാൻ ഭാഗ്യം ലഭിച്ചവരാണ് ഓരോ അൾത്താരബാലന്മാരും. മെയ് മാസം 17-ാം തിയ്യതി വെള്ളിയാഴ്ച കോട്ടപ്പുറം വികാസിൽ വച്ച് അൾത്താരബാലന്മാർക്കായി ഒരു ഏകദിന ക്യാമ്പ് നടത്തി. കോട്ടപ്പുറം വികാർ ജനറൽ മോൺ. റോക്കി റോബി കളത്തിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വരാപ്പുഴ അതിരൂപത പി.ആർ.ഒ. റവ. ഫാ. യേശുദാസ് പഴമ്പിള്ളി, റവ. ഫാ. വിൻ കുരിശിങ്കൽ, റവ. ഫാ. ആന്റൺ ജോസഫ് ഇലഞ്ഞിക്കൽ എന്നിവർ ക്ലാസ്സെടുത്തു. അൾത്താര ബാലസംഘം ഡയറക്ടർ റവ. ഫാ. സിന്റോ കുരിയപറമ്പിൽ ക്യാമ്പിന് നേതൃത്വം നൽകി. വൈകിട്ട് 3.30 ന് കോട്ടപ്പുറം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ അംബ്രോസ് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിച്ചു.



### ഫാമിലി അപ്പസ്തോലേറ്റിന്റെ ജൂൺ മാസത്തെ പരിപാടികൾ

**7,8 & 9 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

**9-ാം തീയതി** വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള **സെമിനാർ** ( 2pm - 4 pm)

അവിടുന്നു നിർദേശിച്ച ഇടങ്ങളിൽ പർവതങ്ങൾ പൊങ്ങിയും താഴ്‌വരകൾ താണും നിൽക്കുന്നു.
സങ്കീർത്തനങ്ങൾ 104 : 8

## ഇടവകകളിൽ വിശ്വാസത്തിന്റെ പുതുവെളിച്ചമായി ഹോം മിഷൻ

കുടുംബ നവീകരണത്തിന്റെ ഭാഗമായി കോട്ടപ്പുറം രൂപതയുടെ വിവിധ ഇടവകകളിൽ (സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പൊയ്യ, ലിറ്റിൽ ഫ്ളവർ ചർച്ച് കുട്ടുകാട്, സെന്റ് ജോർജ്ജ് ചർച്ച് മടപ്ലാതുരുത്ത്, സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച് കുഞ്ഞിത്തൈ, ലൂർദ്ദ്മാത ചർച്ച് കുരിശിങ്കൽ, തിരുഹൃദയ ലത്തീൻ തീർത്ഥാടന കേന്ദ്രം തൃശ്ശൂർ, സെന്റ് പോൾസ് ചർച്ച് മാനാഞ്ചേരിക്കുന്ന്) ഹോം മിഷൻ നടത്തപ്പെട്ടു. രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരിയുടെയും, ഹോം മിഷൻ നടത്തപ്പെട്ട ഇടവകകളിലെ വികാരിയച്ചന്മാരുടെയും സഹവികാരിമാരുടെയും സാന്നിദ്ധ്യമുണ്ടായിരുന്നു. രൂപതയിലെ വിവിധ കോൺഗ്രിഗേഷനുകളിൽ നിന്നുള്ള സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലാണ് ഹോം മിഷൻ നടത്തപ്പെട്ടത്.








അവിടുന്നു താഴ്‌വരകളിലേക്ക് ഉറവകളെ ഒഴുക്കുന്നു;
അവ മലകൾക്കിടയിലൂടെ ഒഴുകുന്നു.
സങ്കീർത്തനങ്ങൾ 104 : 10

# INSPIRE 2K24

ചരിത്രപ്രസിദ്ധമായ സമ്പാളൂർ തീർത്ഥാടനകേന്ദ്രത്തിൽ, യുവജന സംഗമം INSPIRE 2K24, ഇന്ന് നടത്തപ്പെട്ടു. രാവിലെ 9 മണിക്കുള്ള ദിവ്യബലിക്കുശേഷം, യുവജനങ്ങളുടെ ആകർഷകമായ ഫ്ളാഷ് മോബ് ഉണ്ടായിരുന്നു. സമ്പാളൂർ ഇടവക വികാരി റവ. ഡോ. ഫാ. ജോൺസൻ പങ്കേത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ, ചാലക്കുടി MLA, ബഹു. സനീഷ് കുമാർ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിച്ചു. INSPIRE 2024, ലൂടെ ഈ നാടിന്റെ തന്നെ വലിയ സമ്പത്തായി മാറാൻ യുവജനങ്ങൾക്ക് കഴിയട്ടെയെന്നും, വിശാലമായ ഒരു കാഴ്ചപ്പാടിലൂടെയും, ഉയർന്ന ചിന്താഗതികളിലൂടെയും, നിങ്ങളുടെ ഉറക്കം കെടുത്തുന്ന സ്വപ്നങ്ങൾ കാണാൻ കഴിയട്ടെ എന്നും, അത് വഴി വലിയ കാര്യങ്ങൾ ചെയ്യാനുള്ള കരുത്ത് ഉണ്ടാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് യുവജന സംഗമത്തിന് MLA നന്മകൾ നേർന്നു. തുടർന്ന്, ശ്രീ. ജിത്തു ജോർജ്ജും, ടീമും (ജീസസ് യൂത്ത്) ക്ലാസ്സ് നയിച്ചു. ഏകദേശം 250 ഓളം യുവജനങ്ങൾ പങ്കെടുത്ത ഈ യുവജന കൂട്ടായ്മയിൽ പങ്കെടുത്തു.





മാതൃ ദിനത്തോടനുബന്ധിച്ച് ചേന്ദമംഗലം നിത്യസഹായ മാത പള്ളിയിൽ അമ്മമാരെ ആദരിച്ചപ്പോൾ




ജൂൺ ൧൩-ാം തീയതി
നാമഹേതുക തിരുനാൾ
ആഘോഷിക്കുന്ന
ടോണി പിൻഹീറോ അച്ചന്
പ്രാർത്ഥനാശംസകൾ
ആശംസകളോടെ...
ബാച്ച്മേറ്റ്സ്


ജൂൺ 13–ാം തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
ആന്റണി ബിനോയ് അറക്കൽ അച്ചനും
ആന്റൺ ഇലഞ്ഞിക്കലെച്ചനും
പ്രാർത്ഥനാശംസകൾ
ആശംസകളോടെ...
കുടുംബയൂണിറ്റ് കേന്ദ്രസമിതി
ഗോതുരുത്ത് ഇടവക

## പിതാവിന്റെ ഡയറി –ജൂൺ 2024

| | | |
|---|---|---|
| ജൂൺ 01 | ഒന്നാം ചരമവാർഷികം, ഫാ. ഹെൽജോ പുത്തൻവീട്ടിൽ, ഗോതുരുത്ത് | 10.30 am |
| | പ്രസന്റേഷൻ കോളേജ് ബോർഡ് മീറ്റിംഗ്, ബിഷപ്സ് ഹൗസ് | 04.00 pm |
| ജൂൺ 02 | ജൂബിലി സമാപന ദിവ്യബലി, മുനമ്പം | 05.00 pm |
| ജൂൺ 03 | സെമിനാരി കമ്മീഷൻ - കാർമ്മൽഗിരി | 06.00 pm |
| ജൂൺ 04 | കെ.സി.ബി.സി | 10.00 am |
| ജൂൺ 05 | കെ.സി.ബി.സി | |
| ജൂൺ 06 | കെ.സി.ബി.സി | |
| ജൂൺ 07 | കൊടികയറ്റം, ദിവ്യബലി, ഡോൺ ബോസ്കോ ചർച്ച്, പറവൂർ | 05.00 pm |
| ജൂൺ 08 | തിരുനാൾ ദിവ്യബലി, അഴീക്കോട് | 05.00 pm |
| ജൂൺ 09 | തിരുനാൾ ദിവ്യബലി, സേക്രഡ് ഹാർട്ട് ചർച്ച്, NAD Thurapp | 10.00 am |
| ജൂൺ 11 | തിരുനാൾ ദിവ്യബലി, തൃശ്ശൂർ | 09.30 am |
| ജൂൺ 13 | തിരുനാൾ ദിവ്യബലി, സെന്റ് ആന്റണീസ് ചർച്ച്, കൊങ്ങോർപ്പിള്ളി | 06.00 pm |
| ജൂൺ 14 | കൊടികയറ്റം, ദിവ്യബലി, സേക്രഡ് ഹാർട്ട് ചർച്ച്, കുന്നുംപുറം, ഇടപ്പിള്ളി | 05.30 pm |
| ജൂൺ 15 | Jubilee strategy planning meeting at Bishop house | 10.00 am |
| | തിരുനാൾ ദിവ്യബലി, സെന്റ് ആന്റണീസ് ചർച്ച്, വടുതല | 05.30 pm |
| ജൂൺ 16 | സ്ഥൈര്യലേപനം, കുട്ടനെല്ലൂർ | 10.00 am |
| ജൂൺ 21 | KCSL ഉദ്ഘാടനവും സമ്മാനദാനവും, സെന്റ് ആൻസ് ഹൈസ്കൂൾ, കോട്ടപ്പുറം | 10.00 am |
| ജൂൺ 22 | Pastoral Visit at V.P Thuruth | |
| ജൂൺ 23 | സ്ഥൈര്യലേപനം, വി.പി തുരുത്ത്, Pastoral Visit | 07.00 am |
| ജൂൺ 24 | ആശീർവ്വാദം - ഗ്രേയ്സ് ഓഫ് ഹെവൻ മിഷൻ ഫൗണ്ടേഷൻ, തൃശ്ശൂർ | 04.30 pm |
| ജൂൺ 27 | കാസൂസ് | |
| ജൂൺ 29 | നിത്യവ്രത വാഗ്ദാനം, സിസ്റ്റർ അഞ്ജു CSJ, ഗോതുരുത്ത് | 04.00 pm |
| ജൂൺ 30 | മെത്രാഭിഷേകം, മോൺ. ആന്റണി വാലുങ്കൽ, വല്ലാർപാടം | |






അവിടുന്നു കന്നുകാലികൾക്കുവേണ്ടി പുല്ലു മുളപ്പിക്കുന്നു; മനുഷ്യനു ഭൂമിയിൽ നിന്ന്
ആഹാരം ലഭിക്കാൻ കൃഷിക്കുവേണ്ട സസ്യങ്ങൾ മുളപ്പിക്കുന്നു.
സങ്കീർത്തനങ്ങൾ 104 : 14



## പിൻമൊഴി

# ഓടുന്ന എല്ലാവർക്കും ഒളിംപിക്സ് മെഡൽ

ഫാ. ജോസഫ് കുന്നത്തൂർ

**ഓ**ടുന്ന എല്ലാവർക്കും ഒളിംപിക്സ് മെഡൽ കൊടുത്താലോ? അതുപോലെയാണ് SSLC, Plus Two ഫലപ്രഖ്യാപനം. പരീക്ഷ എഴുതുന്ന എല്ലാവരും പാസ്സാകുന്നു. അത്ര മഹത്തരമാണ് നമ്മുടെ സ്കൂളുകളിലെ വിദ്യാഭ്യാസ നിലവാരം എന്നു വരുത്തിത്തീർക്കുവാനുള്ള ശ്രമം. Full A+ വല്ലാതെ പെരുകിയിരിക്കുന്നു. നമ്മുടെ വിദ്യാർത്ഥികൾ വല്ലാത്തൊരു പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. Full A+ കിട്ടിയവർക്കു പോലും സീറ്റ് ഉറപ്പില്ല. യോഗ്യതയുള്ള എല്ലാവർക്കും ഉപരിപഠനം ഉറപ്പുവരുത്തുവാൻ ഗവർൺമെന്റിന് ചുമതലയുണ്ട്. Full A+ കിട്ടിയവർ പുറത്തുനിൽക്കുകയും യോഗ്യത കുറഞ്ഞവർ കയറിപ്പറ്റുകയും ചെയ്യുന്ന അവസ്ഥ എങ്ങിനെ അംഗീകരിക്കാനാവും. ഫലപ്രഖ്യാപനം മുതൽ അഡ്മിഷൻ വരെ ഒരു പുനർപരിശോധന അനിവാര്യമാണ്. കുട്ടികളെയും മാതാപിതാക്കളെയും ഇത്രയധികം ടെൻഷൻ അടിപ്പിക്കുന്ന ഒരു സംവിധാനം ഒട്ടും അഭികാമ്യമല്ലതന്നെ.

ഒരുകാലത്ത് കോളേജിന്റെ ഭാഗമായിരുന്ന പ്രീഡിഗ്രി മാറ്റി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി മാറ്റിയതാണ് പ്ലസ് ടു. വൈകിവന്ന വിവേകമായിരുന്നു അത്. വർഷങ്ങൾ നീണ്ട കാത്തിരിപ്പിനു ശേഷമാണ് ഈ പരിഷ്കാരം കേരളം നടപ്പിലാക്കിയത്. അതിന്റെ മറവിൽ കുറേ കള്ളക്കളികൾ നടന്നു. ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അതിന്റെ പരിണിതഫലമാണ്. കോളേജ്തലത്തിൽ നിന്നും സ്കൂൾതലത്തിലേക്കുള്ള സ്വാഭാവിക മാറ്റത്തിനു പകരം ഒരു സമാന്തര സംവിധാനമായി കൂട്ടിക്കെട്ടുകയാണ് ചെയ്തത്. രാഷ്ട്രീയക്കാർക്കും ഉദ്യോഗവൃന്ദത്തിനും അഴിമതിക്കും ഇടംനൽകിക്കൊണ്ടാണ് ഇത് നടപ്പിലാക്കിയതെന്ന് ചുരുക്കം. നാം സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കുന്ന എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടു അനുവദിച്ചുകൊണ്ട് ഒരു തുടർ സൗകര്യം ഒരുക്കുന്നതിനു പകരം നിരവധി സാങ്കേതിക നൂലാമാലകൾ സൃഷ്ടിച്ച് രക്ഷിതാക്കളെയും കുട്ടികളെയും വല്ലാതെ ടെൻഷൻ അടിപ്പിക്കുന്ന ഒരു സിസ്റ്റമായി പരിണമിച്ചതിനു പിന്നാലെ നിക്ഷിപ്ത താല്പര്യങ്ങൾ മനസ്സിലാക്കുവാൻ 'വാഴൂർ പടിപ്പുര' വരെ പോകേണ്ട കാര്യമില്ല. ഈ വൈകിയ വേളയിലെങ്കിലും സംവിധാനങ്ങളുള്ള എല്ലാ ഹൈസ്കൂളുകളിലും അതിന്റെ തുടർച്ചയെന്നവണ്ണം പ്ലസ് ടു അനുവദിച്ച് ഈ പ്രശ്നം ഒരു പരിധിവരെയെങ്കിലും പരിഹരിക്കുവാനാകും. ■



വടക്കൻ പറവൂർ
വി. ഡോൺബോസ്കോ
ദൈവാലയത്തിൽ
തിരുഹൃദയ
തിരുന്നാൾ
2024 ജൂൺ
7,8,9
തിയതികളിൽ
നവനാൾ ദിനങ്ങൾ
മെയ് 28 മുതൽ ജൂൺ 5 വരെ
ബ്രദർ സാബു ആറുതൊട്ടിയിൽ നയിക്കുന്ന
കൃപാഗ്നി
ബൈബിൾ കൺവെൻഷൻ
മെയ് 29 മുതൽ ജൂൺ 2 വരെ
വൈകീട്ട് 5.00 മുതൽ 9 വരെ
തിരുഹൃദയ ഊട്ടുതിരുനാൾ
ജൂൺ 9 ഞായർ



തിരുഹൃദയ ദൈവാലയം അരിപ്പാലം
(കോട്ടപ്പുറം രൂപത)
തിരുഹൃദയ
തിരുനാൾ
ജൂൺ 9 ഞായർ
രാവിലെ 10.30 ന് തിരുനാൾ ദിവ്യബലി
നവനാൾ
മെയ് 29 ബുധൻ മുതൽ
ജൂൺ 6 വ്യാഴം വരെ
വി. അന്തോണീസിന്റെ
ഊട്ടുതിരുനാൾ
ജൂൺ 11 ചൊവ്വ
രാവിലെ 6.15, 10.30, വൈകീട്ട് 5.00, 7.00
ദിവ്യബലി, നൊവേന, ആരാധന
കൊടികയറ്റം
ജൂൺ 7 വെള്ളി
എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 6.15 നും 10.30 നും വൈകീട്ട് 7.00 നും ദിവ്യബലി, നൊവേന, ആരാധന